LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ
പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ആഗസ്റ്റ് 6, ബുധൻ

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 35

നിയമസഭ 2003 ആഗസ്റ്റ് മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ... ഓർഡർ .....

വിജിലൻസ് കോടതികളിൽ കേസ് വിചാരണ നടത്തുന്നതിലുള്ള കാലതാമസം

* 1 [852] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
„ കെ. കെ. ജയചന്ദ്രൻ:
„ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകൾ വിജിലൻസ് കോടതികളിൽ വിചാരണയ്ക്ക് എടുക്കാതെ വർഷങ്ങളായി നീണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസുകൾ താമസംവിന തീർപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനായി പുതിയ വിജിലൻസ് കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : (എ) കുറ്റപത്രം സമർപ്പിച്ചിട്ടുള്ള വിജിലൻസ് കേസുകൾ വിജിലൻസ് കോടതികളിൽ വിചാരണയ്ക്കെടുക്കാതെ നീട്ടിക്കൊണ്ടുപോകുന്ന പതിവില്ല. പക്ഷേ കേസുകളുടെ എണ്ണം, വിചാരണ പൂർത്തിയാക്കാൻ വേണ്ടി വരുന്ന സമയം, കേസിലെ പ്രതികളുടെ എണ്ണം, വിസ്തരിക്കപ്പെടേണ്ട സാക്ഷികളുടെ എണ്ണം, പരിശോധനയ്ക്ക് സമർപ്പിക്കപ്പെടുന്ന രേഖകളുടെ എണ്ണം, ആരോപണങ്ങളുടെ സ്വഭാവം, എന്നിവ കാരണം ചില കേസുകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള കാലയളവിൽ ഏറ്റക്കുറച്ചിൽ വരാറുണ്ട്. കൂടാതെ കേസിൽ ഉൾപ്പെട്ട കക്ഷികൾ മേൽക്കോടതികളിൽ നിന്നും സമ്പാദിക്കുന്ന സ്റ്റേ ഉത്തരവുകൾമൂലം ചില കേസുകൾ വർഷങ്ങളായി നീണ്ടു പോകാറുണ്ട്.

(ബി) വിജിലൻസ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകൾ ഈ കോടതികളിൽ ഉടൻതന്നെ കലണ്ടർ കേസായി രജിസ്റ്റർ ചെയ്യുകയും വിചാരണയ്ക്കുള്ള നടപടികൾ ആരംഭിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഈ കോടതികൾ പരമാവധി വേഗത്തിലാണ് കേസുകൾ തീർപ്പാക്കുന്നത്.

(സി) കോട്ടയം ആസ്ഥാനമാക്കി ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വിജിലൻസ് ഡയറക്ടറിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുവരുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, വിജിലൻസ് കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നതിനെ സംബന്ധിച്ചും തീർപ്പാക്കാത്തതിനെ സംബന്ധിച്ചുമാണ് ചോദ്യം. ഒപ്പം വിജിലൻസ് കോടതികളിൽ എത്താതെ പോകുന്ന കേസുകൾ വേറെയുണ്ട്. കാസർഗോഡ് ജില്ലയിൽ അനധികൃതമായി കുറേ ചന്ദന ഫാക്ടറികൾ ഉണ്ട്. ഈ ചന്ദന ഫാക്ടറികളെക്കുറിച്ച് അന്വേഷിച്ച റിപ്പോർട്ട് പൂഴ്ത്തിവയ്ക്കപ്പെട്ടു. പ്രതിപക്ഷ നേതാവ് അത് ചോദിച്ചപ്പോൾ എഴുതി തന്നാൽ അടിയന്തിരമായി റിപ്പോർട്ട് പൊക്കിക്കൊണ്ടുവരാമെന്നു പറഞ്ഞു. ഇതുവരെ അതുമായി ബന്ധപ്പെട്ട യാതൊരു നടപടിയും ഉണ്ടായില്ല. കേസുകൾ കോടതിയിൽ എത്തിയാൽത്തന്നെ തുടർച്ചയായി ഗവൺമെന്റ് പ്ലീഡർമാർ കേസുകൾ നീട്ടി വയ്ക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെ ഫലമായി പലപ്പോഴും കേസ്സുകൾ സമയബന്ധിതമായി വിചാരണയ്ക്കെടുക്കാനോ തീർപ്പാക്കാനോ കഴിയുന്നില്ല. ഇതിനകത്ത് ഈ കാര്യമൊക്കെ അക്കമിട്ട് പറഞ്ഞിട്ടുണ്ടെങ്കിലും ഇതിന് എന്താണ് പരിഹാരം എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഒന്നും നിർദ്ദേശിച്ചിട്ടില്ല. അടിയന്തിരമായി ഇത്തരം കേസുകൾ തീർപ്പാക്കാൻ ആവശ്യമായ പുതിയ സംവിധാനങ്ങളെ സംബന്ധിച്ച് സർക്കാർ എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : കേസുകൾ ബോധപൂർവ്വം ഡിലേ വരുത്തുന്ന യാതൊരു പ്രവർത്തനവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. ഇത് പൂഴ്ത്തിവയ്ക്കുന്ന പ്രശ്നവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചപ്പോൾ അതിന് മറുപടി പറഞ്ഞിട്ടുണ്ട്. അത് പ്രത്യേകമായിട്ട് വരുന്ന പ്രശ്നമാണ്. അതുകൊണ്ട് അത് പ്രത്യേകമായിട്ട് കൈകാര്യം ചെയ്യേണ്ടതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ഗവൺമെന്റിന്റെ ധനവിനിയോഗത്തിന്റെ സിംഹ ഭാഗവും നിർവ്വഹിക്കുന്നത് ഉദ്യോഗസ്ഥന്മാരാണ്. ഉദ്യോഗസ്ഥന്മാർക്കെതിരായിട്ട് ഒരുപാട് വിജിലൻസ് കേസുകൾ വരാറുണ്ട്. അങ്ങനെ ഉദ്യോഗസ്ഥന്മാർക്കെതിരായിട്ടുള്ള വിജിലൻസ് കേസുകൾ അന്വേഷിച്ച് കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യണമെന്ന വ്യവസ്ഥ കേരള ഗവൺമെന്റ് സർവ്വന്റ്സ് കൺഡക്ട് റൂൾസിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം കേരളത്തിലെ വിജിലൻസ് കോടതികളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരായിട്ടുള്ള കേസുകളിൽ, ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്മാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: ഇത് കാലതാമസവുമായി ബന്ധപ്പെട്ട ചോദ്യമല്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ഇത് കെട്ടിക്കിടക്കുന്ന വിജിലൻസ് കേസുകളെ സംബന്ധിച്ചാണ്. വിജിലൻസ് കേസുകളിൽ ഉൾപ്പെട്ട് കോടതികളിൽക്കിടക്കുന്ന കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്യാനും ഈ നടപടികൾ മുന്നോട്ടുകൊണ്ടുപോകാനും ആവശ്യമായ കാര്യങ്ങളാണ്.

മി. സ്പീക്കർ: സസ്പെൻഷൻ ഇതിൽ വരുന്നില്ല. ഇതിൽ കാലതാമസമേയുള്ളൂ. മറ്റു നടപടികളൊന്നും ഇതിൽ വരില്ല.

ശ്രീ. കെ. ശങ്കരനാരായണൻ : ബോധപൂർവ്വം ഉണ്ടാകുന്ന കാലതാമസമല്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും ഉൾപ്പെടെ, അഴിമതിക്കേസുകൾ പരിശോധിക്കുന്നതിന് ഗവൺമെന്റ് ഹൈലെവൽ റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായി അറിയുന്നു. അതിന്റെ ഫലമായി ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും ഉൾപ്പെട്ട കേസുകളിൽ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശങ്കരനാരായണൻ : മന്ത്രിമാരുടേതായാലും ഉദ്യോഗസ്ഥൻമാരുടേതായാലും ആരുടേതായാലും വിജിലൻസ് കേസുകളെ സംബന്ധിച്ചിടത്തോളം കാലതാമസം വരും. അതിന് ഡോക്യുമെന്റേഷൻ വേണം. തെളിവുകൾ എടുക്കാൻ സാക്ഷികൾ വേണം. അത് വർഷങ്ങളായി, കാലാകാലങ്ങളായി കാലതാമസം വരാറുണ്ട്. പക്ഷേ കഴിയുന്നത്ര കാലതാമസം വരാതെ അത് തീർപ്പ് കൽപ്പിക്കണം എന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഹൈലെവൽ റിവ്യൂ കമ്മിറ്റി രൂപീകരിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർക്കും ഉദ്യോഗസ്ഥന്മാർക്കും എതിരായിട്ടാണ് ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്; ഈ രൂപത്തിൽവരുന്ന പരാതികളുടെമേൽ തീരുമാനം എടുക്കാൻ വൈകുന്നുണ്ട്. ഇത് സംബന്ധിച്ച് എന്താണ് ഗവൺമെന്റിന് പറയാനുള്ളത്?

ശ്രീ. കെ. ശങ്കരനാരായണൻ : അദ്ദേഹം ചോദിച്ച ചോദ്യത്തിന് പുതിയ നോട്ടീസ് ഉണ്ടെങ്കിലേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, അഴിമതി കേസുകളിൽ കാലതാമസം വരുന്നത് ഒഴിവാക്കാൻ ഹൈക്കോടതികൾ നടപടി സ്വീകരിക്കണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിവിധ കോടതികളിൽ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ ഒഴിവാക്കികിട്ടുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്റ്റേകളാണ് ഒഴിവായി കിട്ടിയത്?

ശ്രീ. കെ. ശങ്കരനാരായണൻ : സാധാരണ അപ്പലേറ്റു കോർട്ടിലൊക്കെ സ്റ്റേയ്ക്കു വേണ്ടിപോകും, സ്റ്റേ കൊടുക്കുകയും ചെയ്യും. സ്റ്റേ കൊടുത്തു കഴിഞ്ഞാൽ പിന്നെ അത് വെക്കേറ്റ് ചെയ്യുന്നതുവരെ നമ്മൾ കാത്തു നിൽക്കേണ്ടിവരും. ഏതൊക്കെയാണ് എന്നുള്ളതിനെക്കുറിച്ച് പ്രത്യേകം നോട്ടീസ് ഉണ്ടായാലേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത്കോയ : വിജിലൻസ് കേസുകൾ നടത്തുന്ന മൂന്ന് അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ ഒഴിവുണ്ട്. ഇങ്ങനെ ഒഴിവ് കിടക്കുന്നതു കാരണം ഗവൺമെന്റിന് വേണ്ടി വാദിക്കാൻ ആരും കോടതിയിൽ എത്തുന്നില്ല. ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. കെ. ശങ്കരനാരായണൻ : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉടനെത്തന്നെ അതിനുവേണ്ട നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, വിജിലൻസ് കേസുകളിലധികവും കാലതാമസം വരുന്നത് വേണ്ടത്ര സ്റ്റാഫില്ല, ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഇല്ല എന്നതുകൊണ്ടാണ്. അതുകൊണ്ട് വിജിലൻസ് കോടതികളിൽ വേണ്ടത്ര സ്റ്റാഫിനെ നിയോഗിക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ അടക്കമുള്ള നവീന സജ്ജീകരണങ്ങൾ ഏർപ്പാട് ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇപ്പോൾ സ്റ്റാഫില്ലാത്തതിന്റെ പ്രശ്നം വന്നിട്ടില്ല. പുതിയതായി സ്റ്റാഫിനെ വേണമെന്ന് ആവശ്യപ്പെട്ടാൽ തീർച്ചയായിട്ടും കൊടുക്കുന്നതാണ്. കമ്പ്യൂട്ടറൈസേഷനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വിജിലൻസ് കോടതികളിൽ കേസ് വിചാരണ നടത്തുന്നതിൽ വരുന്ന കാലതാമസം നോക്കുമ്പോൾ വിജിലൻസ് കോർട്ടും വിജിലൻസ് ട്രിബ്യൂണലും ഉണ്ട്. ഇപ്പോൾ വിജിലൻസ് കോർട്ടിലും വിജിലൻസ് ട്രിബ്യൂണലിലും നമ്മൾ നിശ്ചയിക്കുന്ന ജുഡീഷ്യൽ ഓഫീസേഴ്സിനെ നിയമിച്ചു കഴിഞ്ഞാൽ അവർക്ക് പവേഴ്സ് നൽകിക്കൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണം. എങ്കിലേ കേസ് കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. അങ്ങനെ കോഴിക്കോട് വിജിലൻസിന്റെ സ്പെഷ്യൽ ജഡ്ജ് ആയി നിയമിച്ച. ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ നായർക്ക് നിയമനം കിട്ടിയിട്ട് ഒരു മാസം കഴിഞ്ഞു. അതുപോലെ തന്നെ വിജിലൻസ് ട്രിബ്യൂണലിൽ ശ്രീ. ജഗദപ്പൻ നായരെ നിയമിച്ചിട്ട് രണ്ടു മാസം കഴിഞ്ഞു. ഈ രണ്ടുപേർക്കും കേസുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പവേഴ്സ് നൽകിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ ഈ ദിവസം വരെ നൽകിയിട്ടില്ല. ഇത്തരത്തിൽ നിയമിക്കുന്ന ഓഫീസേഴ്സിന് പവേഴ്സ് നൽകുന്നതിന് രണ്ടും മൂന്നും മാസം കാലതാമസം വരുന്നതാണ് വിജിലൻസ് കോടതിയിൽ വരുന്ന കേസുകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം വരുന്ന ഒരു പ്രധാന കാരണം. ഇത് നമ്മുടെ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്ന ഏറ്റവും വലിയ വീഴ്ചയാണ്. ഇത്തരം കാര്യങ്ങൾ പരിശോധിച്ച് കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : തീർച്ചയായിട്ടും അതിനെക്കുറിച്ച് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : 1960-ലെ കേരള സിവിൽ സർവ്വീസസ് വിജിലൻസ് ട്രിബ്യൂണൽ ചട്ട പ്രകാരം റഫർ ചെയ്യുന്ന കേസുകളാണ് വിജിലൻസ് ട്രിബ്യൂണലിൽ എത്തുന്നത്. സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടും ഉള്ള രണ്ട് ട്രിബ്യൂണലുകളിൽ അവരുടെ വാർഷിക റിപ്പോർട്ട് പരിശോധിച്ചാൽ ഏറ്റവും അധികം പെൻഡിംഗ് കേസുകൾ കോഴിക്കോടാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ കോട്ടയത്ത് പുതിയ ഒരു ട്രിബ്യൂണൽ ആരംഭിക്കാൻ പരിഗണനയുണ്ടെന്ന് പറഞ്ഞു. കോഴിക്കോട് ട്രിബ്യൂണലിന്റെ ഏഴ് ജില്ലകൾ വിഭജിച്ച് പാലക്കാട് ഒരു ട്രിബ്യൂണൽ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കോട്ടയത്തെ കാര്യത്തിന് തന്നെ അവസാന തീരുമാനം വന്നിട്ടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുമായിട്ടുള്ള ചർച്ച നടക്കുകയാണ്. മുമ്പ് മുഖ്യമന്ത്രി ഇ. കെ. നായനാർ അന്നത്തെ പ്രധാനമന്ത്രിക്ക് എഴുതിയ കത്തിന്റെ മറുപടി ഇവിടെയുണ്ട്. ഇപ്പോഴും മുഖ്യമന്ത്രി എഴുതിയിട്ടുണ്ട്. ഇതിന്റെ അവസാന തീരുമാനം ആയിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വിജിലൻസ് കോടതികളിൽ, അതുപോലെ ട്രിബ്യൂണലിന്റെ മുമ്പാകെ കേസുകളുടെ എണ്ണം കൂടി വരികയാണ്. സ്വാഭാവികമായും കാലതാമസം വരുന്നു. ഇതു കണക്കിലെടുത്തുകൊണ്ട് ട്രിബ്യൂണലിന്റെ സിറ്റിംഗ് കൂടുതൽ ജില്ലാ കേന്ദ്രങ്ങളിൽ അല്ലെങ്കിൽ പ്രധാന കേന്ദ്രങ്ങളിൽ നടത്താനുള്ള പ്രൊവിഷൻ ഉള്ളതാണ്. അതുകൊണ്ട് കൂടുതൽ സിറ്റിംഗ് നടത്താൻ ആവശ്യമായ വിധത്തിൽ സ്റ്റാഫും അതിനുള്ള സംവിധാനവും ഏർപ്പെടുത്തുമോ; അങ്ങനെ ഒരു സമയപരിധിക്കുള്ളിൽ ഈ കോടതിയുടെ മുമ്പാകെ വരുന്ന കേസുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, സിറ്റിംഗ് മാറ്റി മാറ്റി വച്ചതുകൊണ്ട് വലിയ പ്രയോജനമില്ല, ഉണ്ടാകുമെന്ന് തോന്നുന്നില്ല, ഇപ്പോൾ 1996 മുതലുള്ള പഴയ കേസുകൾ എടുത്ത് നോക്കുമ്പോൾ കോഴിക്കോട് 104 കേസുകൾ പെൻഡിംഗിൽ നിൽക്കുന്നു. തൃശ്ശൂർ 107 കേസ്സുകൾ പെൻഡിംഗിൽ നിൽക്കുന്നു. തിരുവനന്തപുരത്ത് 104 കേസുകൾ പെൻഡിംഗിൽ ആണ്. 315 കേസുകളാണ് അങ്ങനെയുള്ളത്. കോട്ടയം കൂടി വരുന്നതോടുകൂടി കുറേക്കൂടി മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : വൈകിക്കിട്ടുന്ന നീതി നീതിനിഷേധത്തിന് തുല്യമാണെന്നാണ് നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാന പ്രമാണം. മന്ത്രിമാരുടേയും പൊതുപ്രവർത്തകരുടേയും കേസുകളിൽ കിട്ടുന്ന വാർത്താപ്രാധാന്യം കാരണം അതിനുള്ള സ്പീഡ് മറ്റ് ഉദ്യോഗസ്ഥന്മാരുടെ കേസുകളിൽ സാധാരണ കാണാറില്ല. ഒരാൾ ശിക്ഷിക്കപ്പെടുന്നതുവരെ അയാൾ നിരപരാധി തന്നെ എന്നാണ് നിയമത്തിന്റെ മുമ്പിൽ വരുന്നത്. ഇത് ശരിക്കും പീഡനമാണ്. അതുകൊണ്ട് കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി പുതിയ ട്രിബ്യൂണൽ തുടങ്ങാൻ വലിയ സാമ്പത്തിക പ്രയാസം ഉള്ളതുകൊണ്ട് ഉള്ള ട്രിബ്യൂണലിൽതന്നെ കൂടുതൽ മെമ്പർമാരെ വയ്ക്കുന്ന കാര്യം (സാമ്പത്തിക ചെലവ് കുറഞ്ഞ ഒരു നിർദ്ദേശമാണ്) ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സാമ്പത്തിക ചെലവ് ഒരു വലിയ പ്രശ്നമാക്കണമെന്ന് ആഗ്രഹിക്കുന്നില്ല. കാരണം സാമ്പത്തിക ചെലവുകൊണ്ട് ഈ വിധത്തിലുള്ള കേസുകൾ പെൻഡിംഗ് ആകാൻ പാടില്ല. അതുകൊണ്ട് സാമ്പത്തിക ചെലവിന്റെ കാര്യം പ്രശ്നമല്ല, മറ്റ് നടപടിക്രമങ്ങളേയുള്ളൂ. അതിൽ അപാകതയുണ്ടെങ്കിൽ ഉടനെ പരിശോധിച്ച് വേണ്ടതു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, മന്ത്രി തൊട്ടുമുമ്പ് ഇവിടെ പറഞ്ഞു, തിരുവനന്തപുരത്ത് കോടതിയിൽ 104 കേസുകൾ പെൻഡിംഗിൽ ഉണ്ടെന്ന്. ഇതാണ് ട്രിവാൻട്രം വിജിലൻസ് ട്രിബ്യൂണൽ റിപ്പോർട്ട്. ഈ റിപ്പോർട്ടിൽ പറയുന്നു, 19 കേസുകൾ പെൻഡിംഗിൽ ഉണ്ടെന്ന്, മന്ത്രി ഒന്നു പറയുന്നു, റിപ്പോർട്ട് വേറൊന്ന് പറയുന്നു, 2002-2003-ലെ റിപ്പോർട്ടാണ് ഇത്. വേഗ് ആയിട്ട് പറയും.

മി. സ്പീക്കർ: ലേറ്റസ്റ്റാണ് മന്ത്രി പറഞ്ഞത്. ഇത് 2002-2003-ലെ അല്ലേ, ഇപ്പോൾ 2003-2004 അല്ലേ?

ശ്രീ. ബിനോയ് വിശ്വം : പത്തൊമ്പത് നൂറ്റിനാല് ആയിക്കാണും. അതുകൊണ്ട് കൃത്യമായ വിവരങ്ങൾ ഇവിടെ കിട്ടാൻ ഞങ്ങൾക്ക് അവകാശമുണ്ട്. അതു മന്ത്രി പറയാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : ഈ കേസ് പെൻഡിംഗ് ട്രയലാണ്, അതിന്റെ അടിസ്ഥാനത്തിൽ എൻക്വയറി കമ്മീഷൻ സ്പെഷ്യൽ കോർട്ട് തിരുവനന്തപുരത്ത് 104 കേസുകൾ പെൻഡിംഗ് ട്രയലായിട്ട് നിൽക്കുന്നുണ്ട് എന്നുള്ളതാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. മുരളി : സർ, വിജിലൻസ് കോടതികളും ട്രിബ്യൂണലുകളും രണ്ടാണ്, കൂടുതൽ കോടതികൾ സ്ഥാപിക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ട്രിബ്യൂണലുകളേക്കാൾ കോടതികൾ വേണമെന്നുള്ള അഭിപ്രായം ഞാൻ ഇവിടെ പറയട്ടെ, വിജിലൻസ് കേസുകൾ, trap കേസുകൾ ഉൾപ്പെടെ സ്പീഡപ്പ് ചെയ്ത് ഡിസ്പോസ് ചെയ്യണമെങ്കിൽ, കർശനമായിട്ട് അഴിമതി തടയാനുള്ള നടപടി സ്വീകരിക്കണമെങ്കിൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയെങ്കിലേ കഴിയൂ. അതുകൊണ്ട് സംസ്ഥാന പോലീസിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിക്കൊണ്ട് വിജിലൻസ് നടപടിക്രമങ്ങൾ ദ്രുതഗതിയിൽ ആക്കാനുള്ള നടപടിക്ക് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : ഈ കേസുകൾ, പെൻഡിംഗിൽ ഉള്ള കേസുകൾ, പെട്ടെന്ന് തീർപ്പു കൽപ്പിക്കാൻവേണ്ടി വിജിലൻസിനെ activise ചെയ്യണമെന്നുള്ളതു തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്, അതുകൊണ്ടാണ് കോട്ടയത്ത് ഒരു കോടതികൂടി വേണമെന്നുള്ളത് ഗവൺമെന്റ് ആലോചിക്കുന്നത്. അതുകൊണ്ട് ശീഘ്രമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, വിജിലൻസ് കോടതിയിലെ കേസ് വിചാരണ നടത്താനുള്ള കാലതാമസത്തിന് അടിസ്ഥാനം, ഗവൺമെന്റ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ട് അതെല്ലാം സോർട്ട് ചെയ്തിട്ട് വിജിലൻസിന് കൊടുക്കുകയെന്നുള്ള സംവിധാനം ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചത് ഒരു കാരണമായി കരുതുന്നതിൽ തെറ്റുണ്ടോ; പരിശോധന വേണ്ടപ്പെട്ടവരെയൊക്കെ തന്നെ ഒഴിവാക്കിയും അല്ലാത്തവരെ ചേർക്കുകയും ഒക്കെ ആണല്ലോ ഈ പരിശോധന. അതിന്റെ ഫലമായി സ്വാഭാവികമായി താമസിക്കാനുള്ള വഴിയുണ്ടല്ലോ; അങ്ങനെ വല്ലതും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അതിൽ വളരെ ദീർഘകാലമായിട്ടുള്ള സിസ്റ്റമുണ്ട്, ഞാൻ ആ ഫയലുകളൊക്കെ നോക്കി. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയുന്നു, ഒരു കേസും ബോധപൂർവ്വം കാലതാമസം വരുത്താൻവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇടപെടുകയില്ല. ഈ ഉറപ്പുപറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വിജിലൻസിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റിലും മറ്റും പോരായ്മകൾ ഉണ്ടെങ്കിൽ തീർച്ചയായിട്ടും നമുക്ക് അത് നികത്താവുന്നതാണ്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, കെട്ടിക്കിടക്കുന്ന കേസുകളുടെ ആധിക്യം കണക്കിലെടുത്ത് കൂടുതൽ കോടതികൾ ഉണ്ടാകേണ്ട ആവശ്യകത കോഴിക്കോട് ഉണ്ടോ; ഉണ്ടെങ്കിൽ അത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കേസുകളൊക്കെ ഫാസ്റ്റ് ട്രാക്ക് കോടതി വരുമ്പോഴല്ലേ നമുക്ക് ചെയ്യാൻ പറ്റൂ.

ശ്രീ. എ. കെ. ബാലൻ : സർ, ഈ കേസുകൾ വിചാരണ നടത്തുന്നതിന് വരുന്ന കാലതാമസത്തിൽ പ്രധാനമായിട്ട് രണ്ട് കാരണങ്ങൾ ആണ് ഉള്ളത്. ഒന്ന് കോടതികൾ തന്നെ സൂചിപ്പിച്ചു, ഒരു കേസുമായി ബന്ധപ്പെട്ടുകൊണ്ട്; ഒരു സ്വത്ത് വിവരത്തെ സംബന്ധിച്ച്—ചോദിച്ചാൽ കൊടുക്കുകയില്ല. ഒരു കേസുമായി ബന്ധപ്പെട്ടുകൊണ്ട് മൂന്നു പ്രാവശ്യം വിജിലൻസ് കോർട്ട് ഒരു മന്ത്രിയെ സംബന്ധിച്ച് സ്വത്ത് വിവരം ചോദിച്ചിട്ട് ഇതുവരെ കൊടുത്തിട്ടില്ല. അതാണ് ഒരു കാരണം, മറ്റൊന്ന് അതേ ജഡ്ജിയെത്തന്നെ ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. അതാണ് രണ്ടാമത്തെ കാരണം. ഒരു കേസുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു വിചാരണ നടക്കുന്ന സമയത്ത് ജഡ്ജിയെ മാറ്റുന്നതും കോടതി വീണ്ടും വീണ്ടും സ്വത്ത് വിവരം ചോദിച്ചിട്ടും കൊടുക്കാതിരിക്കുന്നതും അല്ലേ കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസത്തിനു പ്രധാന ഘടകം?

മി. സ്പീക്കർ: ബാലാ, ജഡ്ജിയെ മാറ്റുന്നത് ആരാണ്?

ശ്രീ. എ. കെ. ബാലൻ : ആരെങ്കിലും മാറ്റിക്കൊള്ളട്ടെ, ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പറഞ്ഞല്ലോ അയാളെ മാറ്റാൻ പോകുകയാണെന്ന്. ഇവിടെ ഞാൻ ഒരു ചോദ്യവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ ചോദിച്ച സമയത്ത് ആ ജഡ്ജിയെ മാറ്റാൻ പോകുകയാണെന്ന് പറഞ്ഞു. അപ്പോൾ ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് എന്നുള്ളത് വളരെ വ്യക്തമല്ലേ? ഗവൺമെന്റിന് താൽപ്പര്യമുള്ള ഒരു കേസാണ് നടത്തുന്നതെങ്കിൽ പ്രശ്നമില്ല, ഗവൺമെന്റിന് എതിരായിട്ട് വരുമെന്നുണ്ടെങ്കിൽ ജഡ്ജിക്ക് അവിടെ നിൽക്കാൻ പറ്റുകയില്ല, അതുകൊണ്ടാണ് കാലതാമസം വരുന്നത്.

Mr. Speaker: It is a grave, very serious allegation against the court.

ശ്രീ. കെ. ശങ്കരനാരായണൻ: ജഡ്ജിമാരെ മാറ്റുന്നതുമായി ഗവൺമെന്റിന് ബന്ധമില്ല സർ.

ശ്രീ. കെ. സി. ജോസഫ് : സർ, മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ബോധ പൂർവ്വമല്ലെങ്കിലും ഇവിടെ ഉത്തരങ്ങളിൽനിന്ന് വെളിവാകുന്നത് കേസ് വിചാരണയിൽ താമസം ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ഒരു സമയപരിധിക്കുള്ളിൽ കേസ് ടേക്കപ്പ് ചെയ്യാനും ഡിസ്പോസ് ചെയ്യാനും സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കേസിൽ താമസം വരുന്നത് പ്രധാനമായിട്ടും ഇൻവെസ്റ്റിഗേഷൻ ഭാഗത്തുനിന്നുള്ള തെളിവെടുപ്പ്. അതിന് തെളിവ് ചോദിച്ചാൽ കിട്ടുന്നതിനുള്ള കാലതാമസം, ഡോക്യുമെന്റേഷൻ ഇത് വളരെ ദീർഘകാലമായിട്ട് ഇങ്ങനെ നിൽക്കുകയാണ്. മറ്റ് ക്രിമിനൽ കേസുകൾ മാതിരി വിജിലൻസ് കേസുകൾ പെട്ടെന്ന് മുന്നോട്ടുപോകാൻ സാധിക്കാത്ത വിധത്തിലുള്ള പല തടസ്സങ്ങളും ഉണ്ട്. അതിന്റെ ഡോക്യുമെന്റേഷനും അതിന്റെ തെളിവുകളും മുഴുവൻ പൂർണമാകാതെ മുന്നോട്ടുപോകാൻ സാധിക്കുകയില്ല. അതിനോടൊപ്പംതന്നെ അപ്പലേറ്റ് കോർട്ടിൽ പോയിട്ട് സ്റ്റേ വാങ്ങും. അപ്പോൾ അതിന്റെ കാലതാമസം വരും, അതൊക്കെ ഇതിന് ബാധകമാണ്.

ശ്രീ. മത്തായി ചാക്കോ : വിജിലൻസ് കോടതികളിൽ പ്രത്യേകിച്ച് തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിൽ 104 കേസുകൾ കെട്ടിക്കിടക്കുന്നു എന്ന് അങ്ങ് ഇവിടെ പറഞ്ഞു. അതിൽ സംസ്ഥാനത്തെ വനപാലകന്മാരിൽ ഒരാളുടെ പേരിലുള്ള ആറ് കേസുകൾ ഉൾപ്പെടുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : പെൻഡിംഗ് കേസുകൾ ഏതൊക്കെയാണെന്നുള്ളതിന് എനിക്ക് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പി. ടി. തോമസ് : സർ, 1960-ലെ കേരളാ എൻക്വയറീസ് ആന്റ് സമൻസ് ആക്റ്റ് 9(2) വകുപ്പ് പ്രകാരം താഴെ കാണുന്ന കാര്യങ്ങളിൽ സിവിൽ കോടതിക്കുള്ള അധികാരം ഉപയോഗിക്കാൻ ട്രിബ്യൂണലിന് അധികാരം ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ പ്രധാനമായിട്ടുള്ളത് സാക്ഷിയെ വിളിച്ചു വരുത്തുക, രേഖകൾ പരിശോധിക്കുക തുടങ്ങിയവയാണ്. ഇങ്ങനെ രേഖകളും പകർപ്പുകളും എടുക്കുന്നതുമായി ബന്ധപ്പെട്ടാണ് എന്റെ പ്രധാനമായിട്ടുള്ള ചോദ്യം. ഇങ്ങനെ ട്രിബ്യൂണൽ ആവശ്യപ്പെട്ടിട്ടുള്ള മതിയായ രേഖകൾ കൊടുക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം മനഃപൂർവം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് കാലതാമസം വരാവുന്നവിധത്തിൽ, സർക്കാർ ഇടപെട്ടിട്ട് ഒരു കേസിനും കാലതാമസം വരുത്താൻവേണ്ടി ശ്രമിച്ചിട്ടില്ല.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ചെന്നൈ കേന്ദ്രീകരിച്ച് നടക്കുന്ന വമ്പിച്ച രീതിയിലുള്ള ഹവാല ഇടപാടിൽ, കേരളത്തിലേക്ക് 336 കോടി രൂപ വരികയും, ആ പണം മുഴുവനും ഇവിടെ തീവ്രവാദ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട് എന്നതുമായ രേഖകൾ വന്നിട്ടുണ്ട്. ഇതിൽ മലപ്പുറം, തൃശ്ശൂർ ജില്ലകളിലുള്ള ചില ആളുകളെ അറസ്റ്റുചെയ്യുകയും, കേസ് വിജിലൻസ് അന്വേഷണത്തിലിരിക്കുകയുമാണ്. ദേശസ്നേഹപ്രചോദിതമായ ഒരു സംഗതിയായി പരിഗണിച്ച് ഇത്തരത്തിലുള്ള കേസിൽ അടിയന്തിരമായി വിചാരണ നടത്തി തെളിയിക്കാനും ഈ രാജ്യത്തെ രക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇതൊക്കെ കോടതിയിലിരിക്കുന്ന കേസാണ്. അതിനെക്കുറിച്ച് ഇപ്പോൾ പറയാൻ കഴിയില്ല.

ശ്രീ. എ. കെ. മണി : സർ, വിജിലൻസ് കേസുകളിലും കോടതികളിലും സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ പല നിരപരാധികളും കേസിൽ കുടുങ്ങുകയാണ്. അങ്ങനെയുള്ള ധാരാളം കേസുകളുണ്ട്.....

(ഉത്തരം പറഞ്ഞില്ല)

ജീവൻ രക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രണം

* 2 [853] ശ്രീ. മാമ്മൻ മത്തായി :
,, ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ്ജ് :
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ജീവൻ രക്ഷാ ഔഷധങ്ങളുടെയും വില ക്രമാതീതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർദ്ധനവ് തടയുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ;

(സി) ജീവൻ രക്ഷാ ഔഷധങ്ങൾ നീതി മെഡിക്കൽ സ്റ്റോർ വഴി വിൽക്കുന്നതിനും പ്രസ്തുത ഔഷധങ്ങളുടെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?